(ബി) പ്രസ്തുത കേസ്സിൽ പ്രതികളെ ആരെയെങ്കിലും അറസ്റ്റുചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(സി) പ്രസ്തുത കേസ്സിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ഡി) ഈ കേസ്സിന് ആസ്പദമായ സംഭവം വിശദീകരിക്കുമോ;

(ഇ) ഏതെല്ലാം വകുപ്പുകളനുസരിച്ചാണ് കേസ്സ് എടുത്തിട്ടുള്ളത്?

ഉത്തരം

(എ) ക്രൈം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു.

(ബി)&(സി) കേസ്സ് ഊർജ്ജിതമായി അന്വേഷിച്ചുവരുന്നു.

(ഡി) 28-1-99-ന് രാത്രി പരാതിക്കാരന്റെ വീട്ടിന്റെ സാക്ഷ ഇളക്കി മേശയ്ക്കുള്ളിൽ സൂക്ഷിച്ചിരുന്ന 1,10,000/- രൂപയും 15,000/- രൂപ വിലവരുന്ന വാച്ചും ആരോ മോഷ്ടിച്ചു.

(ഇ) സെക്ഷൻ 457, 461, 380 ഐ.പി.സി. പ്രകാരമാണ് കേസ്സ് എടുത്തിട്ടുള്ളത്.

66 (1426) ഏഴുകോൺ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ നടന്ന കുറ്റകൃത്യങ്ങൾ

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഴുകോൺ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ 1998 ജനുവരി മാസം മുതൽ 1999 മേയ് മാസം വരെ വിവിധ കുറ്റങ്ങൾക്കായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നത് കുറ്റകൃത്യത്തിന്റെ സ്വഭാവം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഈ കാലയളവിലുള്ള കേസ്സുകളിൽ ഉൾപ്പെട്ട പ്രതികളുടെ എണ്ണം എത്ര;

(സി) ഏതെല്ലാം കേസ്സുകളിൽ എത്ര പ്രതികളെ ഇനിയും അറസ്റ്റു ചെയ്യുവാനുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ),(ബി)&(സി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

67 (1427) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ തണ്ണീർമുക്കം തെക്ക് വില്ലേജിൽ കുറവം-പറമ്പ് ലക്ഷം വീട് കോളനിയിൽ ശ്രീമതി ചെല്ലമ്മ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ധനസഹായം ലഭിക്കുവാനായി 2.1.1999-ൽ നൽകിയ അപേക്ഷയിൻമേൽ നടപടി സ്വീകരിച്ച് ധനസഹായം അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഉണ്ട്. 3.3.1999-ലെ സർക്കാർ ഉത്തരവ് (ആർ.ടി) നമ്പർ 811/99/റവ പ്രകാരം ശ്രീമതി ചെല്ലമ്മയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 2000/- (രണ്ടായിരം രൂപ) അനുവദിച്ചിട്ടുണ്ട്.

68 (1428) ഔദ്യോഗിക കൃത്യനിർവഹണത്തിനിടയിൽ നേരിടുന്ന അക്രമസംഭവങ്ങൾ

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർക്ക് നേരിടേണ്ടിവരുന്ന അക്രമസംഭവങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കാറുണ്ടോ;

(ബി) നാട്ടകം ഗസ്റ്റ് ഹൗസ് ജീവനക്കാരുടെ നേരെ നടന്ന അക്രമസംഭവത്തിലും കാസർഗോഡ് വിദ്യാഭ്യാസവകുപ്പ് ജോയിന്റ് ഡയറക്ടർക്ക് നേരെ നടന്ന അക്രമസംഭവത്തിലും, ഫലപ്രദമായ നിയമനടപടികൾ സ്വീകരിച്ചില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ രണ്ടു സംഭവത്തിലും പ്രതികൾ ആരെല്ലാമാണെന്ന് വ്യക്തമായിട്ടും ആരെയും അറസ്റ്റ് ചെയ്യാത്തത് എന്തുകൊണ്ടാണ് എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇതിന് എതിരെ ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരുടെ സംഘടനകൾ നൽകിയ പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഏതെല്ലാം സംഘടനകളാണ് ഇത് സംബന്ധിച്ച പരാതി നൽകിയതെന്നും ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(എഫ്)ഈ രണ്ടു സംഭവങ്ങളിലും കർശന നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) രണ്ടു സംഭവത്തോടനുബന്ധിച്ചും കേസ്സ് രജിസ്റ്റർചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി) പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല. അന്വേഷണം നടന്നുവരികയാണ്.

(ഡി)&(ഇ) നാട്ടകം ഗസ്റ്റ് ഹൗസ് ജീവനക്കാരുടെ നേരെ നടന്ന അക്രമസംഭവത്തോടനുബന്ധിച്ച് എൻ.ജി.ഒ. അസോസിയേഷൻ കോട്ടയം

LIBRARY ARCHIVES Kerala Legislative Assembly